# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.03.2025**

### പ്രധാനവാർത്തകൾ

1. ഓൺലൈൻ പോണോഗ്രഫിക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിച്ചുവരുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

2. സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ വലിയ തോതിൽ മുന്നേറാൻ കിഫ്ബി ഫണ്ട് വഴി കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി സജി ചെറിയാൻ.

3. വിശദമായ പദ്ധതി സമർപ്പിച്ചാൽ ശബരിമല വികസനത്തിന് പ്രസാദം പദ്ധതിയിൽ ഫണ്ട് നൽകാമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്.

4. ആശാപ്രവർത്തകരുടെ വിഷയത്തിൽ നിർണായക തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കേന്ദ്ര ആരോഗ്യമന്ത്രിയുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച.

5. പ്രകൃതിയുടെ കൊച്ചു സന്ദേശവാഹകരോട് കൃതജ്ഞതാപൂർവ്വം എന്ന സന്ദേശവുമായി ഇന്ന് ലോക കുരുവി ദിനം.

RNU TVPM

6. പരക്കെ വേനൽമഴ ലഭിച്ചിട്ടും സംസ്ഥാനത്ത് അൾട്രാ വയലറ്റ് സൂചിക അപകടകരമായ തോതിലെന്ന് ദുരന്ത നിവാരണ അതോറിറ്റി. വിവിധ ജില്ലകളിൽ ചുവപ്പ്, ഓറഞ്ച് ജാഗ്രത.

*******************************************

## ഉദ്യം ഉത്സവ്

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മന്ത്രാലയം സംഘടിപ്പിക്കുന്ന **ഉദ്യം ഉത്സവിന്** ഇന്ന് രാഷ്ട്രപതി ഭവനിൽ തുടക്കമാകും. പരിപാടിയോടനുബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന പവലിയനുകൾ രാഷ്ട്രപതി ദ്രൗപദി മുർമു സന്ദർശിക്കും. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ശാക്തീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടാണ് ഈ മാസം 30 വരെ ഉദ്യം ഉത്സവ് സംഘടിപ്പിച്ചിരിക്കുന്നത്.

RNU TVPM

*******************************************

## ലോക്സഭ-രാജ്യസഭ

വിവിധ വിഷയങ്ങളെ ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തിനിടയിൽ പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ ഇടയ്ക്കിടെ തടസ്സപ്പെട്ടു. ഇരുസഭകളും രണ്ട് മണിവരെ നിർത്തിവച്ചു.

ഓൺലൈൻ പോണോഗ്രഫിക്കെതിരെ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. സുതാര്യവും സുരക്ഷിതവും വിശ്വസനീയവും ഉത്തരവാദിത്തപൂർണ്ണവുമായ ഇന്റർനെറ്റ് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ലോക്സഭയിൽ നൽകിയ രേഖാമൂലമുള്ള മറുപടിയിൽ മന്ത്രി വ്യക്തമാക്കി. കുട്ടികളുമായി ബന്ധപ്പെട്ട അശ്ലീല ഉള്ളടക്കങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നവർക്കും പ്രക്ഷേപണം ചെയ്യുന്നവർക്കും എതിരെ ഐടി ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കും.

രാജ്യത്തെ സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമാണെന്നും മന്ത്രി പറഞ്ഞു.

**********************************************

## സഭ-പ്രതിപക്ഷ വാക്ക് ഔട്ട്

നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയത്. അംഗണവാടി ജീവനക്കാർക്ക് പ്രതിമാസ വേതനം 21,000 രൂപയാക്കണം എന്നതടക്കമുള്ള ആവശ്യങ്ങൾ പരിഗണിക്കാത്ത സർക്കാർ നടപടി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് നജീബ് കാന്തപുരം ആണ് നോട്ടീസ് നൽകിയത്. അംഗണവാടി ജീവനക്കാരെയും ആശാ പ്രവർത്തകരേയും സർക്കാർ ക്രൂശിക്കുന്നതായി നജീബ് കാന്തപുരം ആരോപിച്ചു. അംഗണവാടി ജീവനക്കാരുടെ ജോലി ഭാരത്തിൽ കഴിഞ്ഞ 10 വർഷത്തിൽ വലിയ വർധന ഉണ്ടായതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. വേതന കുടിശികയുമായി ബന്ധപ്പെട്ട് അംഗണവാടി തൊഴിലാളി സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നതായി മന്ത്രി പി രാജീവ് പറഞ്ഞു. കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം 2,700 രൂപ മാത്രമാണെന്നും അങ്കണവാടി വർക്കർമാർക്ക് 12,500 മുതൽ 13,000 രൂപ വരെ ഓണറേറിയം സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

**********************************************

RNU TVPM

## മന്ത്രി കെ രാജൻ (ഇൻട്രോ)

കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ വികസനവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നതായി മന്ത്രി കെ രാജൻ. കീഴല്ലൂർ ഗ്രാമത്തിലെ ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ടുള്ള പ്രശ്നപരിഹാരത്തിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസം യോഗം ചേരുമെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.
**(ഹോൾഡ് വോയ്സ്.......)**

പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് നേഗോഷ്യബിൾ പർചേസിന് വേണ്ടി നിയമനിർമ്മാണം പരിഗണനയിലാണെന്നും മന്ത്രി പറഞ്ഞു.

************************************

PRUTVPM

## സജി ചെറിയാൻ (ഇൻട്രോ)

സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിൽ വലിയ തോതിൽ മുന്നേറാൻ കിഫ്ബി ഫണ്ട് വഴി കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി സജി ചെറിയാൻ. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയ്ക്ക് വേണ്ടി നിയമസഭ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ സർക്കാർ - എയിഡഡ് സ്കൂളുകൾ ഹൈടെക് ആകുന്നതിന് കൈറ്റ് 682.06 കോടി രൂപ കിഫ്ബി മുഖേന ചെലവഴിച്ചതായും മന്ത്രി പറഞ്ഞു.
**(ഹോൾഡ് വോയ്സ്......)**

************************************

## പി എ മുഹമ്മദ് റിയാസ്- സഭ

സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന്റെ ഭാഗമായി ചൈന മുതൽ ഓസ്ട്രേലിയവരെയുള്ള രാജ്യങ്ങളിൽ പ്രത്യേക മാർക്കറ്റിങ്

ആലോചിക്കുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. ഇതിന്റെ ഭാഗമായി മലേഷ്യൻ എയർ വേയ്സുമായി ടൂറിസം വകുപ്പ് ധാരണയായതായും മന്ത്രി നിയമസഭയിൽ പറഞ്ഞു. മലേഷ്യൻ എയർവേയ്സ് പ്രതിനിധികൾ, എട്ട് രാജ്യങ്ങളിലെ ടൂർ ഓപ്പറേറ്റർമാർ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാർ എന്നിവർ ഇതിന്റെ ഭാഗമായി അടുത്ത മാസം കേരളത്തിൽ എത്തുമെന്നും അദ്ദേഹം പറഞ്ഞു..

*************************************************

## ഗജേന്ദ്ര സിംഗ് ശെഖാവത്ത് - ശബരിമല

വിശദമായ പദ്ധതി സമർപ്പിച്ചാൽ ശബരിമല വികസനത്തിന് പ്രസാദം പദ്ധതിയിൽ ഫണ്ട് നൽകാമെന്ന് കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്. ശബരിമല ദർശനം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. നേരത്തെ 100 കോടി രൂപ കേന്ദ്രസർക്കാർ ശബരിമലയ്ക്കായി അനുവദിച്ചിരുന്നങ്കിലും 55 കോടി മാത്രമാണ് ദേവസ്വം ബോർഡ് ചെലവഴിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഓരോ പദ്ധതിക്കും വിശദമായ പദ്ധതി രേഖ സമർപ്പിക്കേണ്ടതുണ്ടെന്നും അതിനു കഴിയാതെ വന്നതിനാലാണ് തുടർ പ്രവർത്തനത്തിനുള്ള ഫണ്ട് കേന്ദ്രത്തിന് നൽകാൻ കഴിയാത്തതെന്നും ശ്രീ ശെഖാവത്ത് പറഞ്ഞു.

RNI TVPM

*************************************************

## മുതലപ്പൊഴി

മുതലപ്പൊഴിയിൽ മത്സ്യതൊഴിലാളികൾ നടത്തി വന്ന ഉപരോധ സമരം പിൻവലിച്ചു. ഫിഷറീസ് ഡയറക്ടർ സമരക്കാരുമായി നടത്തിയ ചർച്ചയെ തുടർന്നാണ് സമരം പിൻവലിക്കാൻ തീരുമാനിച്ചത്. അടുത്ത ചൊവ്വാഴ്ചയ്ക്കകം ഡ്രഡ്ജിങ് നടത്തിയില്ലെങ്കിൽ സമരം തുടരുമെന്ന് മത്സ്യതൊഴിലാളികൾ അറിയിച്ചു.

*************************************************

## സഭ-വിഴിഞ്ഞം- സജി ചെറിയാൻ

വിഴിഞ്ഞം ഹാർബർ, വിഴിഞ്ഞം തെക്ക് ഫിഷ് ലാൻഡിംഗ് സെന്റർ എന്നിവിടങ്ങളിൽ വള്ളം കരക്കടുപ്പിക്കുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തി തീരം പുനഃസ്ഥാപിക്കുന്നതിനായി 77 ലക്ഷം രൂപയുടെ ഭരണാനുമതിയായതായി ഫിഷറീസ് മന്ത്രി സജി ചെറിയാൻ. പരമ്പരാഗത യാനങ്ങൾ കരക്കടുപ്പിക്കാൻ പ്രയാസമനുഭവിക്കുന്ന പശ്ചാത്തലത്തിലാണ് നടപടിയെന്ന് മന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

***********************************************

## ആശ സമരം

ആശാപ്രവർത്തകരുടെ വിഷയത്തിൽ നിർണായക തീരുമാനം എടുക്കേണ്ടത് കേന്ദ്ര സർക്കാർ ആണെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡയുമായി ന്യൂഡൽഹിയിൽ നടത്തുന്ന കൂടിക്കാഴ്ചയ്ക്കു മുന്നോടിയായി മാധ്യമ പ്രവർത്തകരോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. ഓണറേറിയം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച നടത്തുമെന്നും മന്ത്രി പറഞ്ഞു. അതേസമയം മന്ത്രി വീണാ ജോർജുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതിനെത്തുടർന്ന് ആശാ പ്രവർത്തകർ നിരാഹാര സമരം ആരംഭിച്ചു. സെക്രട്ടറിയേറ്റിനു മുന്നിലാണ് സമരം.

RNU TVPM

***********************************************

## ഉപലോകായുക്ത-സത്യപ്രതിജ്ഞ

കേരള ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് അശോക് മേനോനും ജസ്റ്റിസ് ഷെർസി.വി യും ഉപലോകായുക്തമാരായി സത്യപ്രതിജ്ഞ ചെയ്തു. നിയമസഭാ സമുച്ചയത്തിൽ നടന്ന ചടങ്ങിൽ ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ സത്യവാചകം ചൊല്ലിക്കൊടുത്തു.

*****************************************

## കുരുവി ദിനം

ഇന്ന് ലോക കുരുവി ദിനം. **പ്രകൃതിയുടെ കൊച്ചു സന്ദേശവാഹകരോട് കൃതജ്ഞതാപൂർവ്വം** എന്നതാണ് ഇത്തവണത്തെ സന്ദേശം. നഗരവത്ക്കരണം, മലിനീകരണം, ആവാസവ്യവസ്ഥയുടെ നഷ്ടം എന്നിവ മൂലം കുരുവികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവിനെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് എല്ലാ വർഷവും മാർച്ച് 20 ന് ആഘോഷിക്കുന്ന ലോക കുരുവി ദിനത്തിന്റെ ലക്ഷ്യം. പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന ചെറുപക്ഷികളെ സംരക്ഷിക്കാനുള്ള നിർണായക ഉദ്യമങ്ങളെ ദിനം പ്രോത്സാഹിപ്പിക്കുന്നു. കുരുവികളുടെ വംശനാശം തടയേണ്ടതിന്റെ അടിയന്തര ആവശ്യകതയും ഉയർത്തിക്കാട്ടുന്നു.

*****************************************

## ഇടുക്കി (ഇൻട്രോ)

സംസ്ഥാനത്ത് വരും മണിക്കൂറിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതേസമയം, പരക്കെ വേനൽ മഴ ലഭിച്ചിട്ടും സംസ്ഥാനത്തെ അൾട്രാ വയലറ്റ് സൂചിക അപകടകരമായ തോത് രേഖപ്പെടുത്തി. ദുരന്ത നിവാരണ അതോറിറ്റി പുറത്തുവിട്ട കണക്ക് പ്രകാരം വിവിധ ജില്ലകളിൽ ചുവപ്പ്, ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്.
**വിശദാംശങ്ങളുമായി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**(ഹോൾഡ് വോയ്സ്......)**

*****************************************

RNU TVPM

## ത്രിമൂർത്തി സംഗീതോത്സവം

തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതസഭയുടെ ത്രിമൂർത്തി സംഗീതോത്സവം ഇന്ന് ആരംഭിക്കും. കാർത്തിക തിരുനാൾ ഓഡിറ്റോറിയത്തിൽ മൂന്ന് ദിവസത്തെ സംഗീതോത്സവം ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി V. ശിവകുമാർ ഉദ്ഘാടനം ചെയ്യും.

****************************************

## ഒയിസ്ക- അവാർഡ്

ജപ്പാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനയായ ഒയിസ്ക ഇന്റർനാഷണൽ കോട്ടയം ചാപ്റ്ററിന്റെ വൃക്ഷമുത്തശ്ശി സംരക്ഷക അവാർഡ് താഴത്തങ്ങാടി സ്വദേശികളായ കെ.ജെ.ജേക്കബ് - എൽസി ദമ്പതികൾക്ക്. ലോക വനദിനമായ നാളെ അവാർഡ് സമ്മാനിക്കും. 300 ലേറെ വർഷം പഴക്കമുള്ള ഇലഞ്ഞിമരത്തെയാണ് വൃക്ഷമുത്തശ്ശിയായി തിരഞ്ഞെടുത്തത്.

RNU TVPM

****************************************

## ഖേലോ ഇന്ത്യ പാരാ ഗെയിംസ്

ഖേലോ ഇന്ത്യ പാരാ ഗെയിംസിന്, ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. ഈ മാസം 27 വരെയാണ് ഗെയിംസ്. ആറ് ഇനങ്ങളിലായി ആയിരത്തി മുന്നൂറിലധികം പാരാ അത്‌ലറ്റുകൾ മാറ്റുരയ്ക്കും. ജവഹർലാൽ നെഹ്‌റു സ്റ്റേഡിയം, ഇന്ദിരാഗാന്ധി സ്റ്റേഡിയം, ഡോ കർണി സിങ് ഷൂട്ടിങ് റെയിഞ്ച് എന്നിവിടങ്ങളിലായാണ് മത്സരങ്ങൾ നടക്കുക.

********************************************************************************

****************************************

****************************************